**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1318** **18-01-2021 - ൽ മറുപടിയ്ക്ക്**

**ഒരു സ്കൂളിൽ ഒരു നീന്തൽകുളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പാറക്കൽ അബ്ദുല്ല | | **Prof. C. Raveendranath**<br>(പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | കേരളത്തിൽ റോഡപകടം കഴിഞ്ഞാൽ ഏറ്റവും കൂടുതൽ പേർ മരിക്കുന്നത് വെള്ളത്തിൽ മുങ്ങിയാണെന്ന് കണക്കുകൾ വ്യക്തമാക്കിയ സാഹചര്യത്തിൽ ആരോഗ്യ-കായിക പദ്ധതിയുടെ ഭാഗമായി നീന്തൽ കൂടി സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്ന സർക്കാർ പ്രഖ്യാപനം എന്നത്തേക്ക് യാഥാർത്ഥ്യമാകുമെന്ന വിശദമാക്കുമോ; | (എ) | ആരോഗ്യ കായിക വിദ്യാഭ്യാസം പാഠ്യപദ്ധ തിയുടെ ഭാഗമായി 5 മുതൽ 10 വരെ ക്ലാസുകളിലെ ടീച്ചർ ടെക്സ്റ്റ്, ആക്ടിവിറ്റി ബുക്ക് എന്നിവയിൽ നീന്തൽ പഠനം ഉൾപ്പെടുത്തിയിട്ടുണ്ട്. കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിലെ നീന്തൽ വിദഗ്ധരുടെ നേതൃത്വത്തിലാണ് എസ്.സി.ഇ.ആർ.ടി പ്രസ്തുത പാഠ്യപദ്ധതി തയ്യാറാക്കിയത്. പ്രായോഗിക തല പ്രവർത്തനങ്ങൾ നടന്നുവരുന്നു. |
| (ബി) | കൂടാതെ ഓരോ നിയോജകമണ്ഡലത്തിലും ഒരു സ്കൂളിൽ ഒരു നീന്തൽകുളം ആരംഭിക്കുമെന്ന് സർക്കാർ തീരുമാനമുണ്ടോ; എങ്കിൽ ഇവ രണ്ടുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇപ്പോൾ ഏതുഘട്ടത്തിലാണ്; വിശദാംശങ്ങൾ നൽകുമോ; | (ബി) | ആരോഗ്യ കായിക വിദ്യാഭ്യാസം പാഠ്യപദ്ധ തിയുടെ ഭാഗമായി 5 മുതൽ 10 വരെ ക്ലാസുകളിലെ ടീച്ചർ ടെക്സ്റ്റ്, ആക്ടിവിറ്റി ബുക്ക് എന്നിവയിൽ നീന്തൽ പഠനം ഉൾപ്പെടുത്തിയിട്ടുണ്ട്. കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിലെ നീന്തൽ വിദഗ്ധരുടെ നേതൃത്വത്തിലാണ് എസ്.സി.ഇ.ആർ.ടി പ്രസ്തുത പാഠ്യപദ്ധതി തയ്യാറാക്കിയത്. പ്രായോഗിക തല പ്രവർത്തനങ്ങൾ നടന്നുവരുന്നു. |
| (സി) | കേരളത്തിൽ സമഗ്രജലസുരക്ഷ പദ്ധതി ഇല്ലാത്തതാണ് മുങ്ങിമരണം പോലുള്ള ദുരന്തങ്ങൾക്ക് കാരണമെന്ന ഐക്യരാഷ്ട്രസഭ ദുരന്ത നിവാരണ സമിതിയുടെ വെളിപ്പെടുത്തൽ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | (സി) | വിദ്യാഭ്യാസ വകുപ്പ് സമഗ്രജലസുരക്ഷ പദ്ധതി വിഭാവനം ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ